3. കാഷ് ഡിസ്ക്കൗണ്ട് ഇനത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാനായി ഉൽപ്പാദകർ വിൽപനയിനത്തിൽ നൽകുന്ന പേയ്മെന്റ് വ്യവസ്ഥയിൽ കുറച്ചുകൂടി ഭേദഗതി വരുത്തി.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പുതിയ മദ്യ നയം സർക്കാർ പരിഗണനയിലാണ്.

ദേശീയ ബയോഗ്യാസ് വികസന പദ്ധതി

24 (*84) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ ബയോഗ്യാസ് വികസന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ ;

(സി) വർദ്ധിച്ചുവരുന്ന ഇന്ധനക്ഷാമം പരിഹരിക്കുവാൻ ദേശീയ ബയോഗ്യാസ് വികസനപദ്ധതി എത്രകണ്ട് പ്രയോജനകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ദേശീയ ബയോഗ്യാസ് വികസന പദ്ധതിയുടെ നടത്തിപ്പിന് കഴിഞ്ഞ നാല് വർഷം എന്തുതുകയുടെ കേന്ദ്ര സഹായം ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഇ) സംസ്ഥാനത്തെ സ്കൂൾ, ഹോസ്റ്റലുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള "സാനിട്ടറി ലിങ്ക്ട് ബയോഗ്യാസ് പ്ലാന്റ്" പദ്ധതി നടപ്പാക്കിവരുന്നുണ്ടോ ;

(എഫ്) എങ്കിൽ കഴിഞ്ഞ 5 വർഷക്കാലം ഇപ്രകാരം എത്ര പ്ലാന്റുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ' ഉണ്ട്. ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ച കർഷകരിൽ 91.78 ശതമാനം പേരും വിറകിന് പകരമായി ഗ്യാസ് ഉപയോഗിക്കുന്നതായി മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ യൂണിറ്റ് നടത്തിയ പഠനം തെളിയിക്കുന്നു. ഒരു പ്ലാന്റ് ഒരു കൊല്ലം പ്രവർത്തിക്കുമ്പോൾ 3.7 ടൺ വിറകിന്റെ ഉപയോഗം കുറയ്ക്കാൻ കഴിയുന്നു.

(ഡി) ലഭ്യമായ തുക താഴെ കൊടുക്കുന്നു.

വർഷം	ലഭിച്ച തുക
1996-97	21,00,000 രൂപ
1997-98	2,50,000 രൂപ
1998-99	30,00,000 രൂപ
1999-2000	45,00,000 രൂപ

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ജനകീയാസൂത്രണ പദ്ധതിമൂലം പ്രയോജനം ലഭിച്ചവർ

25 (*85) ശ്രീ. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി എത്ര വീടുകളും കക്കൂസുകളും നിർമ്മിച്ചു നൽകി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ പ്രയോജനം എത്രപേർക്ക് ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ജനോപകാരപ്രദമായ രീതിയിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട് ;

(ഡി) ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷംകൊണ്ട് (1997-2000) 3,06,288 വീടുകളും 4,13,174 കക്കൂസുകളും നിർമ്മിച്ചിട്ടുണ്ട്.

(ബി) വീടുകളുടെ പ്രയോജനം 3,06,286 കുടുംബങ്ങൾക്കും കക്കൂസുകളുടേത് 4,13,174 കുടുംബങ്ങൾക്കും ലഭിച്ചിട്ടുണ്ട്. ഇതിൽ വീടും കക്കൂസും ലഭിച്ച കുടുംബങ്ങളും ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly